**ഹയർ സെക്കൻററി വിദ്യാഭ്യാസ**

**ഡയറകട്റുടെ കാര്യാലയം**

**ഹൗസിങ് ബോർഡ് ബിൽഡിംഗ്**

**തിരുവനന്തപുരം–1**

**ICT Cell/17712 HSE/2018** **11/07/2018**

## രണ്ടാം സപ്ലിമെൻററി അലോട്ട്മെൻറിനുള്ള അപേക്ഷാ സമർപ്പണം : വിജ്ഞാപനം

സൂചന : 1) GO(Rt)No.1724/18/GEdn dated 08/05/2018

അപേക്ഷ നൽകിയിട്ടും ഇതുവരേയും അലോട്ട്മെൻറുകളിലൊന്നിലും ഇടം നേടാൻ കഴിയാത്തവർ രണ്ടാം സപ്ലിമെൻററി അലോട്ട്മെൻറിലേയ്ക്ക് പരിഗണിക്കപ്പെടുന്നതിനായി നിലവിലുള്ള അപേക്ഷ പുതുക്കണം. അപേക്ഷ പുതുക്കുന്നതോടൊപ്പം നിലവിലുള്ള ഒഴിവുകളുടെ അടിസ്ഥാനത്തിൽ ഓപ്ഷനുകളും മാറ്റി നൽകണം. രണ്ടാം സപ്ലിമെൻററി അലോട്ട്മെൻറിനായി **ജൂലൈ 12 ന്** പ്രസിദ്ധീകരിക്കുന്ന ഒഴിവുള്ള സ്കൂൾ / കോമ്പിനേഷനുകൾ മാത്രമേ ഓപ്ഷനുകളായി തിരഞ്ഞെടുക്കുവാൻ കഴിയുകയുള്ളൂ. സപ്ലിമെൻററി അലോട്ട്മെൻറിന് വേണ്ടി തയ്യാറാക്കുന്ന പുതിയ റാങ്ക് ലിസ്റ്റനുസരിച്ച് ഈ അപേക്ഷകരെ വീണ്ടും പ്രവേശനത്തിനായി പരിഗണിക്കും. എന്നാൽ അപേക്ഷ പുതുക്കാതിരുന്നാൽ അലോട്ട്മെൻറിന് വേണ്ടി പരിഗണിക്കില്ല.

നേരത്തെ അപേക്ഷ നൽകാതിരുന്നവർക്കും സപ്ലിമെൻററി അലോട്ട്മെൻറിനു വേണ്ടി അപേക്ഷ നൽകാം. **എന്നാൽ നിലവിൽ പ്രവേശനം നേടിക്കഴിഞ്ഞ വിദ്യാർഥികൾ ഈ ഘട്ടത്തിൽ വീണ്ടും അപേക്ഷിക്കുവാൻ പാടില്ല. രണ്ടാം സപ്ലിമെൻററി അലോട്ട്മെൻറിനായി താഴെ പ്രതിപാദിക്കുന്ന വിഭാഗത്തിലുള്ള അപേക്ഷകർക്ക് ജൂലൈ 16 ന് വൈകിട്ട് 5 മണിവരെ പുതുക്കൽ / പുതിയ അപേക്ഷാഫാറം ചുവടെ നിർദ്ദേശിക്കും പ്രകാരം സമർപ്പിക്കാവുന്നതാണ്.**

1) അപേക്ഷിച്ചിട്ടും അലോട്ട്മെൻറ് ലഭിക്കാത്തവർ സപ്ലിമെൻററി അലോട്ട്മെൻറിന് പരിഗണിക്കുന്നതിനായി “RENEWAL FORM” നേരത്തേ അപേക്ഷ സമർപ്പിച്ച സ്കൂളിൽ സമർപ്പിക്കണം.

2) ഇതുവരെയും അപേക്ഷ നൽകാൻ കഴിയാത്തവർ വെബ്സൈറ്റിലെ APPLY ONLINE-SWS എന്ന ലിങ്കിലൂടെ ഓൺലൈനായി അപേക്ഷ സമർപ്പിച്ച് ആയതിൻെറ പ്രിൻെറാട്ട് അനുബന്ധ രേഖകൾ സഹിതം അടുത്തുള്ള ഏതെങ്കിലും ഒരു സർക്കാർ/എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളിൽ വെരിഫിക്കേഷനായി സമർപ്പിക്കണം.

3) അപേക്ഷ പരിപൂർണമായി ഓൺലൈനായി സമർപ്പിച്ചശേഷം പ്രിൻറൗട്ട് സ്കൂളിൽ വെരിഫിക്കേഷന് സമർപ്പിക്കാത്തവർ പ്രസ്തുത പ്രിൻറൗട്ടിൽ പുതിയ ഓപ്ഷനുകൾ എഴുതി ചേർത്ത് അനുബന്ധരേഖകളുമായി ഏറ്റവും അടുത്ത സർക്കാർ/എയിഡഡ് ഹയർ സെക്കൻററി സ്കൂളിൽ വെരിഫിക്കേഷനായി സമർപ്പിക്കണം.

4) സപ്ലിമെൻററി അലോട്ട്മെൻറിനനായുള്ള വേക്കൻസിക്കനുസൃതമായി വേണം പുതിയ ഓപ്ഷനുകൾ നൽകേണ്ടത്.. **സപ്ലിമെൻററി അലോട്ട്മെൻറിനായി പ്രസിദ്ധീകരിക്കുന്ന ഒഴിവുള്ള സ്കൂൾ / കോമ്പിനേഷനുകൾ മാത്രമേ ഓപ്ഷനുകളായി തിരഞ്ഞെടുക്കുവാൻ കഴിയുകയുള്ളു.**

5) സപ്ലിമെൻററി അലോട്ട്മെൻറിനനായുള്ള അപേക്ഷകൾ **ജൂലൈ 12 മുതൽ ജൂലൈ 16 ന് വൈകിട്ട് 5 മണിവരെ** സമർപ്പിക്കാവുന്നതാണ്.

**ഡയറക്ടർ**